## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 431** **6.3.2012-ൽ മറുപടിക്ക്.**

## വനിതാ ട്രെയിൻയാത്രക്കാരുടെ സുരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.വി. രാജേഷ്: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | ട്രെയിനിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്ത്രീയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) | തീവണ്ടികളിലെ സ്ത്രീ യാത്രക്കാരുടെ സുരക്ഷയ്ക്കായി 56 വനിതാ സിവിൽ പോലീസ് ഓഫീസർമാരെ റെയിൽവെ പോലീസിന്റെ കീഴിൽ വിന്യസിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരെ ട്രെയിനുകളിലെ വനിതാ കമ്പാർട്ടുമെന്റിൽ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. ഇതിനു പുറമെ അധികം പോലീസ് ഉദ്യോഗസ്ഥരെ ട്രെയിനുകളിൽ നിയമിച്ച് ഡ്യൂട്ടി ചെയ്യിക്കുന്ന തിലേയ്ക്കായി റെയിൽവെ പാസ്സ് അനുവദിച്ചു നൽകുവാൻ വേണ്ടി റെയിൽവേയോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പാസഞ്ചർ ട്രെയിനുകളിൽ സർക്കിൾ അടിസ്ഥാനത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചു വരുന്നുണ്ട്. സ്റ്റേഷനുകളിൽ ട്രെയിനുകൾ നിർത്തുമ്പോൾ |

| | | | |
|---|---|---|---|
| | | | പ്ലാറ്റ്ഫോമിലും ട്രെയിനിലും ഡ്യൂട്ടിയിലുള്ള മറ്റ് പോലീസുകാരും വനിതാ കമ്പാർട്ടുമെന്റിനു സമീപം വന്ന് പരിശോധന നടത്തുകയും ചെയ്യുന്നു. കൂടാതെ മറ്റ് കമ്പാർട്ട്മെന്റുകളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷയ്ക്കായി ജാഗ്രതയോടെ പ്രവർത്തിക്കാനായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ വനിതാ ഹെൽപ്പ്ലൈൻ നമ്പർ പ്ലാറ്റ്ഫോമിലും ട്രെയിനു കളിലും പ്രദർശിപ്പിക്കുന്നത് ഉൾപ്പെടെ അത്യാവശ്യ ഘട്ടങ്ങളിൽ സുരക്ഷയ്ക്കായി പോലീസ് സഹായം ആവശ്യപ്പെടുവാനുള്ള ബോധവൽക്കരണ പ്രവർത്തന ങ്ങൾ ഊർജ്ജിതമായി നടത്തി വരികയാണ്. കൂടാതെ റെയിൽവേ സ്റ്റേഷന് പുറമേയുള്ള പരിസരങ്ങളിൽ പട്രോളിംഗ് നടത്തിയും പോലീസ് എയ്ഡ് പോസ്റ്റുകൾ വഴിയും സ്ത്രീ യാത്രക്കാരുടെ സുരക്ഷ ഉറപ്പു വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീവണ്ടികളിൽ യാത്ര ചെയ്യുന്നവരുടെ പ്രത്യേകിച്ച് സ്ത്രീകളുടെ സുരക്ഷ ശക്തിപ്പെടുത്തണമെന്നും അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഫെബ്രുവരി 2012 ന് ബഹു. മുഖ്യമന്ത്രി കേന്ദ്ര സർക്കാരിനു നൽകിയ മെമ്മോറാണ്ടത്തിൽ പറയുന്നുണ്ട്. കൂടാതെ, തീവണ്ടികളിൽ യാത്ര ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | സ്ത്രീകളുടെ സുരക്ഷാ ഉറപ്പാക്കുന്നതിന് അടിയന്തിരമായി വേണ്ട നടപടി സ്വീകരിക്കുവാൻ റയിൽവേ മന്ത്രാലയത്തോട് 01.03.2012 ലെ കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ